പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.2722

13/03/2020-ൽ

മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) അഞ്ചൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കില മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 446 സ്കൂളുകളുടെ ഫീസിബിലിറ്റി സ്റ്റഡി നടന്നു കഴിഞ്ഞു. ഇതിൽ 18 സ്കൂളുകളുടെ നോൺ ഫീസിബിലിറ്റി റിപ്പോർട്ട് ആണ് ലഭ്യമായത്. ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ച 428 സ്കൂളുകളിൽ 292 സ്കൂളുകളുടെ DPR ഇതിനകം KIIFB ക്ക് അനുമതിക്കായി കില സമർപ്പിച്ചിട്ടുണ്ട്. ബാക്കി വരുന്ന 136 സ്കൂളുകളുടെ DPR 2020 മാർച്ച് 15 ന് മുമ്പായി KIIFB ക്ക് സമർപ്പിക്കുവാൻ സാധ്യമാകും. KIIFB യിൽ നിന്ന് DPR അപ്രൂവൽ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

Namitha P

സെക്ഷൻ ഓഫീസർ